"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.എസ്.അജയ സിംഹന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.267/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/02/2021

---

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 സ.ഉ(പി)നം.110/13/ധന തീയതി 01.03.2013.

3 ശ്രീ.എസ്.അജയ സിംഹന്റെ 06.05.2020ലെ ശൂന്യവേതനാവധിയപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 19.06.2020, 29.11.2020 എന്നീ തീയതികളിലെ ഇ6-15456/19നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.എസ്.അജയ സിംഹന് 25.04.2019 മുതൽ 27.01.2020 വരേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.എസ്.അജയ സിംഹൻ 07.01.2003 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ 25.04.2019 മുതൽ 27.01.2020 വരെയുള്ള കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 27.01.2020 തീയതിയിലുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ശ്രീ.എസ്.അജയ സിംഹന് 25.04.2019 മുതൽ 22.08.2019 വരെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്നും അവധിയ്ക്ക് അപേക്ഷിച്ചിരുന്നതിനാലും 120 ദിവസത്തിൽ കൂടുതൽ അവധി അനുവദിക്കുവാൻ നിയമനാധികാരിക്ക് അധികാരം ഇല്ലാത്തതിനാലും ടിയാന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 25.04.2019 മുതൽ 22.08.2019 വരെ അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.എസ്.അജയ സിംഹന് 25.04.2019 മുതൽ 27.01.2020 വരേക്ക് പരാമർശം(2) ഉത്തരവിന് വിധേയമായി കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

File No.LSGD-EPA1/139/2020-LSGD

ശ്രീ.എസ്.അജയ സിംഹൻ, ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ആലപ്പുഴ
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(139/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ